
# ടെക്

# ക്രോണിക്കിൾസ്

എച്ച് എസ് എസ് & വി എച്ച് എസ് എസ് ബ്രഹ്മമംഗലം

ലിറ്റിൽ കൈറ്റ്സ് 2018-19 യൂണിറ്റിന്റെ മാസിക.

വായിക്കൂ... ആസ്വദിക്കൂ...



# ടെക് ക്രോണിക്കിൾസ്

പ്രകാശനം ചെയ്യുന്നത്

## ലിറ്റിൽ കൈറ്റ്സ്

## എച്ച്. എസ്. എസ് & വി.എച്ച്. എസ്. എസ്
## ബ്രഹ്മമംഗലം

# മാഗസിൻ കമ്മിറ്റി

**ശ്രീമതി  കെ . കെ മേരി (ഹെഡ് മിസ്ട്രസ്)**

**ശ്രീ എ . ആർ ജീവൻ (എസ് . ഐ . ടി . സി)**

**ശ്രീമതി ബി . മിനി (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)**

**ശ്രീമതി കെ . ബി സിന്ധു (ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്)**

**Miss ആയിഷ മർസൂക്ക് (ലിറ്റിൽ കൈറ്റ്സ് പ്രസിഡന്റ്)**

**Master ജിഷ്ണു എം . ആർ (ലിറ്റിൽ കൈറ്റ്സ് വൈസ് പ്രസിഡന്റ്)**

**&**

**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**



## സന്ദേശം

**ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കി വരുന്ന 'ലിറ്റിൽ കൈറ്റ്സ് ഐ ടി ക്ലബ്ബിന്റെ നമ്മുടെ സ്കൂളിലെ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ..........**

**പി ജി ശ്രീവൽസൻ**

**സ്കൂൾ മാനേജർ**



# സന്ദേശം

നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് തയ്യാറാക്കിയ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

**കെ.കെ മേരി**
**ഹെഡ് മിസ്ട്രസ്**



# *താളുകൾ മറിയുമ്പോൾ...*

## ലിറ്റിൽ കൈറ്റസ് 2018-19

### ഹൈടെക് ക്ലാസ് മുറികളുടെ സംരക്ഷണം

### നാൾവഴികളിലൂടെ

### തിളക്കമാർന്ന നിമിഷങ്ങൾ

- ✗ പ്രവേശനോൽസവം
- ✗ NCC
- ✗ SPC പ്രവർത്തനങ്ങൾ
- ✗ Red cross
- ✗ സ്വാതന്ത്ര്യദിനാഘോഷം
- ✗ മറ്റ് വാർത്തകളിലൂടെ

### സൃഷ്ടികൾ

മലയാളം

- ✗ ഇംഗ്ലീഷ്
- ✗ ഹിന്ദി

# ലിറ്റിൽ കൈറ്റ്സ് 2018-19

വി.എച് .എസ് .എസ്.ബ്രഹ്മമംഗലത്തെ ലിറ്റിൽ കൈറ്റ്സിന്റെ 2018-19 ലെ പ്രവർത്തനങ്ങൾ 2018 ജൂൺ 6 ന ആരംഭിച്ചു . അതിനു ശേഷം കൈറ്റ് മിസ്ട്രസ്സ്മാരായ ബി.മിനി ,കെ.ബി.സിന്ധു എന്നിവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എസ്. ഐ. റ്റി. സി. ശ്രീ.എ .ആർ .ജീവൻ ആമുഖം നൽകി. ലിറ്റിൽ കൈറ്റ്സ് ലീഡറായി ആയിഷ മർസൂക്കിനെയും ഡെപ്യൂട്ടി ലീഡറായി ജിഷ്ണു എം ആർ നെയും തിരഞ്ഞെടുത്തു.

സ്കൂളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 20 കുട്ടികൾ യൂണിറ്റിൽ പ്രവർത്തിച്ചു വരുന്നു. എല്ലാ ബുധനാഴ്ചയും വൈകുന്നേരം 3.45 മുതൽ 4.45 വരെയുള്ള സമയം ലിറ്റിൽ കൈറ്റ്സിന്റെ റെഗുലർ ക്ലാസ് നടത്തുന്നു. കൂടാതെ തിരഞ്ഞെടുക്കപ്പെട്ട ശനിയാഴ്ചകളിൽ പ്രഗത്ഭരുടെ ക്ലാസും നടന്നു വരുന്നു. സ്കൂളിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷൻ ലിറ്റിൽ കൈറ്റ്സിലെ അംഗങ്ങൾ ചെയ്യുന്നു.

മുൻ അദ്ധ്യയനവർഷാന്ത്യത്തിൽ ലിറ്റിൽ കൈറ്റ്സിൽ ചേരാൻ കഴിയാത്തവർക്കും പുതിയ കുട്ടികൾക്കും അവസരം ഒരുക്കികൊണ്ട് 02-07-2018 ന് ഒരു അഭിരുചി പരീക്ഷകൂടി നടത്തപ്പെട്ടു. ലിറ്റിൽ കൈറ്റ് മിസ്ട്രസ്സ്മാരുടെയും എസ് .ഐ .റ്റി .സി യുടെയും നേതൃത്വത്തിലായിരുന്നു പ്രവേശനപരീക്ഷ നടന്നത്.12 കുട്ടികളെക്കൂടി പുതുതായി തിരഞ്ഞെടുത്തു

ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് മൊബൈൽ ആപ്പ് നിർമ്മാണം, റോബോട്ടിക്സ്, ഗ്രാഫിക് ഡിസൈനിംഗ്, ഹാർഡ്‌വെയർ, മലയാളം കമ്പ്യൂട്ടിംഗ്, പ്രോഗ്രാമിംഗ്, സൈബർ സുരക്ഷ, ഇലക്ട്രോണിക്സ്, ആനിമേഷൻ,വെബ് ടി.വി. എന്നിവയിൽ വിദഗ്ദപരിശീലനം നൽകപ്പെടുന്നു.



ബ്രഹ്മമംഗലം വി.എച് .എസ് .എസ് .ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ജില്ലാ കോർഡിനേറ്റർ ശ്രീ ടോണി ആന്റണി സർ ,മാസ്റ്റർ ട്രെയിനർ ശ്രീ ജഗദീഷ് വർമ്മ തമ്പാൻ സർ എന്നിവർക്കൊപ്പം

# ഹൈടെക് ക്ലാസ്സ് മുറികളുടെ സംരക്ഷണം

ഹൈടെക് ക്ലാസ്സ് മുറികളുടെ സംരക്ഷണത്തിന് ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് പരിശീലനം സംഘടിപ്പിച്ചു. അവരുടെ നേതൃത്വത്തിൽ മറ്റു ഹൈസ്കൂൾ ക്ലാസുകളിലെ ഹൈടെക് ക്ലാസ്സ് സംരക്ഷണചുമതലയുള്ള കുട്ടികൾക്കും പരിശീലനം നടത്തി.




സ്മാർട്ട് ക്ലാസ് മുറികളുടെ ഉദ്ഘാടനം ഈ സ്കൂളിലെ സ്മാർട്ട് ക്ലാസ് മുറികളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട വൈക്കം എം .എൽ.എ .ശ്രീമതി .സി.കെ..ആശ .ഈ സ്വാതന്ത്ര്യ ദിനത്തിൽ നിർവഹിച്ചു .

ലിറ്റിൽ കൈറ്റ്സ് - 2018- 19

ടെക് ക്രോണിക്കിൾസ്



എസ്.പി.സി.,എൻ.സി.സി. കേഡറ്റുകൾ ബഹുമാനപ്പെട്ട എം.എൽ.എ .ശ്രീമതി.സി.കെ.ആശയെ വേദിയിലേക്ക് ആനയിക്കുന്നു



ലിറ്റിൽ കൈറ്റ്സ് - 2018- 19

ടെക് ക്രോണിക്കിൾസ്






സ്മാർട്ട് ക്ലാസ് മുറികളുടെ ഉദ്ഘാടനം സ്ക്രീനിലെ നിലവിളക്ക് കൊളുത്തി ബഹു.വൈക്കം എം.എൽ.എ .ശ്രീമതി.സി.കെ..ആശ നിർവഹിക്കുന്നു



ലിറ്റിൽ കൈറ്റ്സ് ഐ റ്റി ക്ലബ്ബിന്റെ ഉദ്ഘാടനവും അംഗങ്ങൾക്കുള്ള ഐഡന്റിറ്റി കാർഡ് വിതരണവും കൈറ്റ്സ് ജില്ലാ കോർഡിനേറ്റർ ശ്രീ .ടോണി ആന്റണി നിർവഹിച്ചു .

# ലിറ്റിൽ കൈറ്റ്സ് സബ്ജില്ലാക്യാമ്പ്



ലിറ്റിൽ കൈറ്റ്സ് - 2018- 19

ടെക് ക്രോണിക്കിൾസ്









## നാൾവഴികളിലൂടെ....

വൈക്കം താലൂക്കിലെ ചെമ്പ് വില്ലേജിലെ ബ്രഹ്മമംഗലം കരയിൽസ്ഥിതി ചെയ്യുന്നു. ബ്രഹ്മമംഗലം പ്രദേശത്ത് ഗവ:L.P സ്കൂൾ മാത്രമായിരുന്ന ഏക വിദ്യാലയം.ആയതിനാൽ നാട്ടുകാരുടെ ശ്രമഫലമായി 1949-ൽ എൺപതോളം വ്യക്തികൾ കൂട്ടായി മാനേജ്മെന്റ് മേഖലയിൽ NSS കെട്ടിടത്തിൽ ഒരു യു പി സ്കൂളായി പ്രവർത്തനം ആരംഭിച്ചു.1953-ൽ ഈ സ്ഥാപനം ഹൈസ്കൂളായും തുടർന്ന് 2000-ൽ VHSS ആയും ഉയർന്നു. ഇപ്പോൾ ചെമ്പ് പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ആണ് ഈ സ്ഥാപനം തൊണ്ടിത്തലയിൽ ഡോ:വി ഇ നാരായണൻ ആയിരുന്നു ആദ്യകാല മാനേജർ കുന്നത്ത് ശ്രീ പി രാഘവ മേനോൻ ആയിരുന്നു ആദ്യത്തെ ഹെഡ്മാസ്ററർ. സ്കൂളിൻറെ വളർച്ചയ്ക്ക് ഇവർ നൽകിയ മഹത്തായ സംഭാവനകൾ വളരെ വലുതാണ് രജിസ്റ്റർ ചെയ്ത ഒരു ബൈലാ അനുസരിച്ച് പതിനൊന്നംഗ ഭരണസമിതി ഭരണം നടത്തിവരുന്നു. ഭരണസമിതിയുടെ പ്രസിഡൻറ്ആണ്സ്കൂൾമാനേജർ.മൂന്ന് വർഷമാണ് ഭരണസമിതിയുടെ കാലാവധി. ശ്രീ.പി.ജി.ശ്രീവത്സൻ ആണ് ഇപ്പോളത്തെ മാനേജർ. ശ്രീമതി.കെ.കെ.മേരിആണ് ഇപ്പോളത്തെ പ്രിൻസിപ്പാൾ. അഞ്ചാം ക്ലാസു മുതൽ പത്താം ക്ലാസുവരെ 30 ഡിവിഷനുകളിലായി 1200 കുട്ടികൾ പഠിച്ചു വരുന്നു. vhss വിഭാഗത്തിൽ രണ്ടു ബാച്ചുകളിലായി 100 കുട്ടികളും പഠിച്ചുവരുന്നുണ്ട് ഇപ്പോൾ ഈ സ്ഥാപനത്തിൽ അധ്യാപക-അനധ്യാപകരായി 61 പേർ ജോലി ചെയ്തു വരുന്ന കഴിഞ്ഞ വർഷം SSLC യ്ക്ക്100% വിജയം കൈവരിച്ചു . കഴിഞ്ഞ 3 വർഷങ്ങളിൽ തുടർച്ചയായി വൈക്കം ബ്ലോക്കിൽ ഏറ്റവും കൂടുതൽ FULL A+ കരസ്ഥമാക്കി വരുന്ന പഠന പാഠ്യതര വിഷയങ്ങളിൽ ഈ സ്ഥാപനത്തിലെ കുട്ടികൾ മികച്ച നിലവാരം പുലർത്തി വരുന്ന .

## തിളക്കമാർന്ന നിമിഷങ്ങൾ......

# പ്രവേശനോത്സവം2018








പ്രവേശനോത്സവം ഉദ്ഘാടനം സ്കൂൾ മാനേജർ ശ്രീ . പി. ജി. ശ്രീവത്സൻ .



***കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ 29 വിദ്യാർത്ഥികൾ കൊളുത്തിയ മൺചിരാതുമായി വേദിയിൽ .***

## *നേവൽ എൻ.സി .സി യൂണിറ്റ്*



## യോഗാദിനം





***6000*** രൂപയുടെ സ്കോളർഷിപ്പിന്

***അർഹയായ റിഷിദ എസ് കുമാർ***

*ആദ്യ ANO K.J. Lalmon സാറിന് ആദരം*



# എസ്.പി.സി.പ്രവർത്തനങ്ങൾ











# റെഡ് ക്രോസ്






# സ്വാതന്ത്ര്യ ദിനാഘോഷം -2018

.









യോഗാദിനം





## 1. മറ്റ് വാർത്തകളിലൂടെ......

ഈ വർഷം സർവീസിൽ നിന്ന് വിരമിച്ച കായികാധ്യാപകൻ ശ്രീ ,കെ.ജെ.ലാൽമോൻ സാറിന് നൽകിയ യാത്രയയപ്പ് .




# മലയാളം

# കേരളം




കേരങ്ങൾ തിങ്ങുന്ന കേരളമേ
കേളി കൊട്ടുയരുന്ന കേരളമേ
കോമള നാടെന്നു  കവികൾ പുകഴ്ത്തിയ
ഭാർഗ്ഗവരാമന്റെ കേരളമേ
തുള്ളൽ ,കഥകളി ,കൂടിയാട്ടം ,കല
നിത്യം വസിക്കുന്ന നല്ല നാടേ
സമ്പദ് സമൃദ്ധിയും  സർവ്വാഭിവൃദ്ധിയും
നിത്യം വിളങ്ങുന്ന പുണ്യനാടേ
ശങ്കരാചാര്യനും വിദ്യാധിരാജനും
ഗുരുദേവനും വാണ കൊച്ചുനാടേ
മാതൃകയായി മറ്റു ദേശങ്ങൾക്കെന്നും
മഹിതയായ് സ്ഥാനമലങ്കരിക്കു .



# പ്രളയം

കൊല്ലവർഷം 1099 ലെ വെള്ളപ്പൊക്കത്തിന് ശേഷം കേരളം വീണ്ടും ഒരു മഹാ പ്രളയത്തിന് ഇരയായി.എല്ലാ പ്രവചനങ്ങളെയും പ്രതീക്ഷകളെയും അപ്രസക്തമാക്കി കാലവർഷം കലിതുള്ളി തിമിർത്തു പെയ്തു.ഉരുൾ പൊട്ടലും മലവെള്ളപ്പാച്ചിലും പേമാരിയും കേരളത്തെ ഏതാണ്ട് പൂർണമായി വെള്ളത്തിനടിയിലാക്കി. ഒരു പുരുഷായിസുകൊണ്ട് ഉണ്ടാക്കിയതെല്ലാം പ്രളയ ജലം കവർന്നു.

സമാനതകളില്ലാത്ത രക്ഷാപ്രവർത്തനമാണ് സംസ്ഥാനത്തു നടന്നത്.മാനവികതയുടെയും സാഹോദര്യ സ്നേഹത്തിന്റെയും ഉദാത്തമായ മാതൃകകൾ സൃഷ്ടിച്ചു

അഭൂതപൂർവമായ ഒത്തൊരുമയോടെ കേരളജനത ഒന്നടങ്കം രക്ഷാ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും വിജയപഥത്തിലെത്തിച്ചു. അങ്ങനെ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയക്കെടുതിയിൽനിന്ന് കേരളം കരകയറി.

നിവേദിത ടി ബിനു

ലേഖനം

## വർഗ്ഗീയത സമൂഹത്തിന്റെ ശാപം

ആദികാലങ്ങളിലെ മനുഷ്യജീവിതം കൂട്ടായ്മയുടെ കരുത്തിന് ഉത്തമ മാതൃകയാണ്. അവൻ തെന്റെ പൊതു ശത്രുക്കളായ പ്രകൃതി ദുരന്തങ്ങളെ നേരിടാൻ ഒത്തു ചേർന്ന് പൊരുതി. അങ്ങനെ ജീവിത സമരത്തിൽ വിജയം നേടിയ മനുഷ്യൻ ക്രമേണ ഗോത്രങ്ങളായി പിരിഞ്ഞു. ഇത് അവനിൽ ചേരിതിരിഞ്ഞു മതങ്ങളും മതങ്ങളിൽ നിന്ന് ജാതികളും സംജാതമായതോടെ അവന്റെ സഹവർത്തിത്വത്തിന്റെ ധാര നിലച്ചു. തുടർന്നുള്ള മാനവ ചരിത്രം വർഗ്ഗ- വർഗ്ഗീയ സമരങ്ങളുടേതാണ്.

കറുത്ത വർഗ്ഗക്കാർ വെളുത്ത വർഗ്ഗക്കാർ എന്ന നിറങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവേചനവും , അടിമകൾ-ഉടമകൾ എന്ന സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനവും മതത്തിന്റെ അടിസ്ഥാനത്തിലുള്ള വിവേചനവുമെല്ലാം ഇതിൽ ഉൾപ്പെടുന്നു. വർണ വിവേചനം കേവലം ഒരു പഴങ്കഥയല്ല. അത് ഇന്നും തുടരുന്നു. ദക്ഷിണാഫ്രിക്കയിൽ അടുത്ത നാൾ വരെ കൊടി കുത്തി വാണിരുന്ന "അപ്പാർത്തീഡ് " അഥവാ "വർണ വിവേചന നയം" ഇതിന് തെളിവാണ്.കറുത്ത വർഗ്ഗകാരന് കാൽച്ചങ്ങലകൾ തീർത്ത ആ വര്ണാധിപത്യത്തിനെതിരായ കലാപങ്ങൾ ഇന്ന് ഏതാണ്ട് ശാന്തമായ മട്ടാണ് . നെൽസൺ മണ്ടേല ആ സമരത്തിന്റെ വിജയ പ്രതീകമായി ഇന്ന് നമ്മുടെ മുമ്പിൽ നിൽക്കുന്നു.

സമ്പത്തിന്റെ അടിസ്ഥാനത്തിലുള്ള വർഗ്ഗങ്ങളാണ് അടിമകളും ഉടമകളും. കയ്യൂക്കുള്ളവൻ കാര്യക്കാരൻ ആയി മാറുന്ന ഗോത്ര വ്യവസ്ഥിതിയിൽ നിന്നാണ് ഇത് ഉടലെടുത്തത്. മനുഷ്യൻ മനുഷ്യനെ തന്നെ ചൂഷണം ചെയ്യുന്ന നിന്ദ്യമായ പ്രവണതക്ക് ഇത് കാരണമായി. അടിമകൾ എന്ന ചൂഷിത വർഗ്ഗവും ഉടമകൾ എന്ന ചൂഷക വർഗ്ഗവും രൂപം കൊണ്ട്. ഇത് ഫ്യൂഡലിസ്റ്റ് സമ്പ്രദായത്തിന്റെ ആവിർഭാവത്തിനു വഴി തെളിച്ചു. ഇതിനു എതിരായി ഉയർന്നു വന്ന പ്രത്യയശാസ്ത്രമാണ്

കമ്മ്യൂണിസം. തൊഴിലാളി മുതലാളി ബന്ധത്തിലെ സമാനതക്കായി ആ പ്രത്യയശാസ്ത്രം ശബ്ദമുയർത്തി. രാഷ്ട്രങ്ങൾ പടുത്തുയർത്താൻ പോലും അതിനു കഴിഞ്ഞു എങ്കിലും അത്തരം വിവേചനം ഇന്നും തുടരുന്നു. മതാധിഷ്ഠിതമായ വർഗീയത പ്രതീക്ഷകൾക്ക് വിരുദ്ധമായി ഇപ്പോൾ പ്രബലമായി വരുന്ന ഒന്നാണ്. ഇന്ന് മതം വർഗീയ വിഷം കുത്തി വച്ച് അത് ഭരണ തലത്തിൽ വരെ കൈ കടത്തുന്നു.

വർഗ്ഗീയവാദം ഏതു തരത്തിലും ആപത്താണ്. നമുക്കാവശ്യം വർഗ്ഗീയതക്ക് എതിരായ വിശാലമായ മാനവികതാ ബോധമാണ്. എന്നാൽ അതിന്റെ അഭാവം ഇന്ന് ഇന്ത്യയുടെ ഐക്യത്തിനും അഖണ്ഡതക്കും വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. വർഗ്ഗീയതയെ പരിപോഷിപ്പിച്ചുകൊണ്ടു അധികാരം കൈക്കലാക്കാമെന്ന കാര്യം രാഷ്ട്രീയ പാർട്ടികൾ പരമാവധി ചൂഷണം ചെയ്യുന്നുണ്ട്. ഭരണ കർത്താക്കൾ വർഗ്ഗീയ പ്രീണന നയം കൈക്കൊള്ളുന്നുമുണ്ട്. ഈ ആപത്തിനെ നേരിട്ട് കൊണ്ട് രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതക്കുമായി പോരാടുകയാണ് വേണ്ടത്. "ഒരുമ തന്നെ പെരുമ" എന്ന പഴമൊഴി തിരിച്ചു കൊണ്ടുവരാൻ നാം പരിശ്രമിക്കുക.

ആദർശ്.പി. 10 A

ലേഖനം

## കാർഷിക സംസ്കാരവും ഉത്സവങ്ങളും



കേരളത്തിലെ ഉത്സവങ്ങൾക്ക് കാർഷിക സംസ്കാരവുമായി അഭേദ്യ ബന്ധമാണുള്ളത്. ഓണം , വിഷു,തിരുവാതിര എന്നീ ആഘോഷങ്ങൾ പ്രകൃതിയും സംസ്കാരവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ഉത്സവങ്ങൾക്ക് കാലാവസ്ഥയും ഋതുക്കളുമായും ബന്ധമുണ്ട്. മണ്ണിൽ കഷ്ടപ്പെട്ട് പ്രകൃതിയെ കാത്ത് സൂക്ഷിച്ചു , മണ്ണ് കനിഞ്ഞ വസ്തുക്കൾ ഭക്ഷിച്ച് പ്രകൃതിയെ പുകഴ്ത്തി പാടിയിരുന്ന ഒരു കാലം നമുക്ക് ഉണ്ടായിരുന്നു. വിതയും കൊയ്ത്തും എല്ലാം കഴിഞ്ഞു കർഷകർ ആഘോഷത്തിന് സമയം കണ്ടെത്തി. അതിനനുകൂലമായ സാഹചര്യം പ്രകൃതിയും പൂക്കളും കർഷകർക്ക് തയ്യാറാക്കി കൊടുത്തിരുന്നു.

വിളവെടുപ്പുമായി ബന്ധപ്പെട്ട ഉത്സവമാണ് കേരളീയരുടെ ദേശീയ ഉത്സവമായ ഓണം. മേടം എത്തുമ്പോൾ കർഷകർ കൃഷിക്കുള്ള ഒരുക്കങ്ങൾ തുടങ്ങുന്നു. ഓട്ടുരുളിയിൽ കണിയൊരുക്കി പുതുവർഷത്തെ വരവേൽക്കുന്നു. നന്മയുടെയും സമൃദ്ധിയുടെയും ജീവിതത്തെയാണ് ഈ കണി കാണൽകൊണ്ട് ലക്ഷ്യമാക്കുന്നത്. തിരുവാതിരയും കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട ഒരു ആഘോഷം തന്നെ ആണ്. സൗന്ദര്യത്തിന്റെയും സമൃദ്ധിയുടെയും പ്രതീകമായ ആഘോഷം.

ഇന്ന് കൃഷിയും കാലാവസ്ഥയും എല്ലാം മാറിയിരിക്കുന്നു.ഉത്സവങ്ങളുടെ സമൃദ്ധമായ ചിത്രങ്ങളെല്ലാം വെറും സ്മരണകളായിരിക്കുന്നു. ഭക്ഷ്യവസ്തുക്കളും പൂക്കളും എല്ലാം നമുക്ക് ലഭിക്കുന്നത് അന്യ സംസ്ഥാനങ്ങളിൽ നിന്നാണ്. അധ്വാനിക്കാതെ എല്ലാം പണം കൊടുത്തു വാങ്ങുന്നവരാണ് നമ്മൾ കേരളീയർ. ദേശീയ ഉത്സവമായ ഓണം പോലും കമ്പോളവൽക്കരിക്കപ്പെട്ടു. വയലുകളും കുന്നുകളും എല്ലാം നമുക്ക് അന്യമായി. അധ്വാനിക്കുക , അനുഭവിക്കുക, ആഹ്ലാദിക്കുക എന്ന കേരളീയ ദർശനമാണ് നമ്മുടെ സമൂഹത്തെ നന്മ നിറഞ്ഞതാക്കിയിരുന്നത്. ആ കാലം പോയി മറഞ്ഞു. പഴയതുപോലെ പുന:സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ കൂടി നമ്മുടെ സംസ്കാരവും കൃഷിയും ഉത്സവങ്ങളും തനിമ നഷ്ടപ്പെട്ട് ഇല്ലാതാകുന്നതിനെ കുറിച്ച് ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്.

ആൻസി സന്തോഷ് 9 D

കവിത

# ഭ്രാന്തൻ

എരിയുമാ കനലിൽ നിൻ ഹൃദയം
എൻ ഉൾത്തടങ്ങളിൽ വിങ്ങുമൊരോർമ്മയായ്
ഇന്നും എന്നും എന്നുള്ളിൽ നിൻ ഓർമ്മകൾ മാത്രം
നൊമ്പരമേകും നിൻ ഓർമ്മകൾ

പുനർജന്മമേകുവാൻ പ്രിയസഖി നീയെന്നു വരും
നിന്നോർമകൾ ഇടനെഞ്ചിലേറ്റി എരിയുമീ
ഉമിക്കൂമ്പാരമായി ഞാനിവിടെ ഏകനായി
എങ്ങുപോയി നീ

എന്നോ എൻ അധരങ്ങളിൽ നിന്നുതിർന്ന പല്ലവിക്കൊപ്പം
നിൻ കാൽ ചിലങ്കകൾ കിലുങ്ങുന്ന മധുര സ്വരം
ഇന്നുമെൻ ഹൃദയത്തിൽ മുഴങ്ങുന്നു.
ഇന്ന് ഞാൻ ഭ്രാന്തനായി പാടുന്ന പല്ലവിക്കൊപ്പം
നിൻ കാൽ ചിലങ്കകൾ കിലുങ്ങുന്നില്ലെങ്കിൽ
ഇനിയെന്തിനീ പാഴ്ജന്മാമായ് ഭൂമിയിൽ ഞാൻ
നിൻ ചിലങ്കതൻ മധുര സ്വരം തേടി
അലയുന്നു ഭ്രാന്തനായ് ഞാൻ

നാമൊന്നു ചേർന്ന് നടന്ന നഗര വീഥിയിലൂടെ
ഇന്നിതാ ഭ്രാന്തനായ് അലയുന്നു ഞാൻ
ഒടുവിലിതാ വന്നെത്തി ഞാൻ
നമ്മളൊന്ന്ചേർന്ന് സ്വപ്നങ്ങൾ നെയ്ത
ആ കുന്നിൻ മുകൾപ്പരപ്പിൽ
അങ്ങുദൂരെ താഴ്വരയിൽ നിന്ന് വീശുന്ന കാറ്റിൽ
കേട്ടു ഞാൻ നിൻ ചിലങ്കതൻ മധുരസ്വരം
എന്തിനു ഞാൻ ശങ്കിച്ച് നിൽക്കുന്നു
നിന്നരികിൽ വന്നു ചേരുവാൻ
പോരുന്നു ഞാൻ നിന്നരികിലേക്ക്
പറന്ന് ..................പറന്ന്................പറന്ന്.

കവിത

## അകന്നുവോ???

ഇന്ന്നീ എന്നെ പിരിഞ്ഞു പോകുന്നുവോ ?
സ്നേഹമാധുര്യം നിറയ്ക്കാതെ എന്നിൽ നീ
കാലത്തിരക്കിൽ പിരിഞ്ഞു പോകുന്നു നീ
എന്നെ തനിച്ചാക്കി പോകയല്ലയോ ?
ആദ്യാക്ഷരം കുറിച്ചാണ് മുതൽക്കെന്റെ
കൂടെയുണ്ടായിരുന്നില്ലേ നീ സ്നേഹമായ്
ദുഃഖങ്ങളെ സ്നേഹ മധുവിൽ ലയിപ്പിച്ച്
വന്നില്ലയോ എന്നിലേക്ക് നീ സ്നേഹമായ്
അമ്മയായി ഗുരുവായി നീയല്ലയോ
എന്നെയീ ലോകത്തെ കാണിച്ച് തന്നതും.
എന്നിലെ എന്നെ അറിഞ്ഞതും നീയല്ലയോ
എൻപ്രിയ ഗുരുവായ സ്നേഹമാം നീയല്ലേ
ഇന്നു വേറൊരു വീടിന്റെ നാഥയായ്
എന്നില്നിന്നകലുന്നുവോ പിരിയുന്നുവോ
പോകണം നീ ഉപ്പുനീർ രുചിയറിയാതെ
സന്തോഷമോടെ നീ എന്നിൽനിന്നകലണം
എവിടെയാണെങ്കിലും എന്മനം നിന്നുടെ
ഒപ്പമുണ്ടെന്നു നീ ഓർക്കയില്ലേ
ജീവിതത്തിൻ ഓർമ്മത്താളുകളിലുള്ളോ -
രധ്യായമായി നാം മെല്ലെ പിരിയല്ലേ .............

അപർണ ശശി 9 C

യാത്രാ വിവരണം

## മധുര മുഹൂർത്തം

നേരം ഇരുട്ടി തുടങ്ങിയിരുന്നു. പകൽ മുഴുവൻ ജ്വലിച്ചു നിന്ന സൂര്യൻ വിശ്രമിക്കാൻ തയ്യാറാക്കുകയായിരുന്നു. കന്യാകുമാരി കടലോരങ്ങളിൽ നടക്കുമ്പോൾ തിരമാലകൾ കാലിൽ ഇരച്ചു കയറുന്നുണ്ടായിരുന്നു. കാറ്റിന്റെ ചൂളം വിളിയും തിരമാലകളുടെ അലയടിയും കാതിൽ സംഗീതം സൃഷ്ടിച്ച്. മണൽ തിട്ടയിൽ നിന്നും ചുവന്ന രശ്മികൾ മാഞ്ഞു പോയിരുന്നു. ഇരുട്ടും തോറും തിരമാലകളുടെ ശക്തി കൂടി വന്നു. പടിഞ്ഞാറൻ ചക്രവാളത്തിൽ നിന്നും കിളികൾ തങ്ങളുടെ കൂട്ടുകളിലേക്കു ചേക്കേറാൻ തുടങ്ങിയിരുന്നു. മത്സ്യബന്ധനത്തിന് പോയ കടലിന്റെ മക്കൾ തിരികെ വരുന്നുണ്ടായിരുന്നു. മണലിനും പാറകൾക്കുമിടയിൽ നിര യെ കാക്കകൾ കാണാം പല നിറത്തിലും രൂപത്തിലും ആയതിനാൽ അവ വളരെ മനോഹരമായിരുന്നു. ഇരവിന്റെ നിഴൽ പടർന്നിരുന്നു. പകലിന്റെ പൊലിമയേക്കാൾ രജനിയുടെ അഴകാണ് മനോഹരം. സൂര്യൻ മറഞ്ഞു. പകരം കാവൽക്കാരനായി ചന്ദ്രൻ വന്നു. ചന്ദ്രന്റെ നേരിയ കിരണങ്ങളാൽ അവിടമാകെ തിളങ്ങി നിന്ന്. ഒന്നിനൊന്നു മെച്ചമായ നക്ഷത്ര കാമുകികൾക്കു നടുവിൽ തേജസ്സോടെ ചന്ദ്രനും അത്രതന്നെ മനോഹാരിത വിഭാവനം ചെയ്യുന്നുണ്ടായിരുന്നു. ഒരു ചിത്രകാരന് വേണ്ട എല്ലാ ഭാവനകളും ഏകാന്തതയും നിറഞ്ഞു നിൽക്കുന്ന ഒരന്തരീക്ഷമായിരുന്നു അത്. നക്ഷത്രക്കൂട്ടങ്ങൾ സമുദ്രത്തെ നോക്കി പുഞ്ചിരിക്കുന്നുണ്ടായിരുന്നു. ഇതിനു സാക്ഷിയായി ഞാൻ നിന്ന്. രജനിയുടെ വശ്യ സൗന്ദര്യം ഞാൻ ദർശിക്കുകയായിരുന്നു. അവിടെ നിന്നും തിരികെ പോരുവാൻ എനിക്ക് സാധിക്കുമായിരുന്നില്ല. അത്ര മധുരമായ മുഹൂർത്തങ്ങളാണ് എനിക്കാ നിമിഷങ്ങൾ സമ്മാനിച്ചത്. യാത്ര എല്ലാവരും ഇഷ്ടപ്പെടുന്നു, പക്ഷെ ജീവിതത്തിൽ മറക്കാൻ കഴിയാത്ത അനുഭവങ്ങൾ സമ്മാനിക്കുന്ന യാത്രകൾ നമ്മുടെ ഓർമ്മയിൽ എന്നും നില നിൽക്കും.

പൗർണമി ടി.സി , 10 A

കവിത

# പതിനാലു ജില്ലകൾ




പുകളെറേറ്റും കേരളം നാടിന്
പതിനാലുണ്ടേ പൊൻമക്കൾ
ബഹുഭാഷകളാൽ ഉത്തരവാഴും
കാസർകോടിതു ഒന്നാമൻ

കൈത്തറി തന്നുടെ കേളീരംഗം
കണ്ണൂരാണിത് കേട്ടോളൂ
കോഴിക്കോടിനെ ഓർക്കുമ്പോൾ
സാമൂതിരിയെ മറക്കാമോ
പഴശ്ശിയും തിരുനെല്ലിയുമുള്ളൊരു
മലനാടല്ലെ വയനാട്
തുഞ്ചനു ജന്മം നൽകിയ നാട്
നമ്മളറിഞ്ഞ മലപ്പുറവും
കേരളനാട്ടിൻ നെല്ലറയായൊരു
പാലക്കാടിൻ തമിഴുണ്ടേ
സംസ്കാരത്തിൻ ഈറ്റില്ലം
തൃശ്ശിവപേരൂർ ഓർത്തോളൂ
കൊച്ചീറാണിയെ പോറ്റിവളർത്തി
എറണാകുളവും വാഴുന്നു.
ഏലംവിളയും നാടല്ലോ
ഇടുക്കി എന്നൊരു പൊൻപുത്രി
റബറിൻ നാടാം കോട്ടയത്തിൻ
മാനവരും റബർ പോലാണെ
വ്യവസായത്തിന് ജന്മം നൽകിയ
ആലപ്പുഴയൊരു ജലനാട്
ശബരിഗിരീശൻ പുണ്യം വിതറും
പത്തനംതിട്ട പുണ്യനാട്
കശുവണ്ടിക്കും കയറിനും
കൊല്ലം ജില്ലയാത്താനിവാര്യം
ദൈവത്തിന്റെ സ്വന്തം നാടിന്
അനന്തപുരിയത് തലനാട്

കഥ

## മഴയെ പ്രണയിച്ച പെൺകുട്ടി.



ജൂൺമാസമായാൽ ഗായത്രിക്കു പിന്നാരെയും വേണ്ടാ. അവളുടെ ഉറ്റ സുഹൃത്തായ മഴയെ മാത്രം മതി. മഴയെ അവൾ കാത്തിരിക്കുമായിരുന്നു. മഴ അവളോട് സംസാരിക്കുന്നതായി സങ്കല്പിക്കുമായിരുന്നു. അവൾ അത്രയധികം മഴയെ സ്നേഹിച്ചിരുന്നു.
ഗായത്രിയുടെ ജീവിതം ഒറ്റപ്പെട്ടതായിരുന്നു. കാരണം മാതാ പിതാക്കൾ വിദേശവിദേശത്തായിരുന്നു. അവധിക്കാലത്ത് മൂന്നു ദിവസം മാത്രമാണ് മാതാപിതാക്കൾ അവളെ കൂടെ കൂട്ടിയിരുന്നു. അതുകഴിഞ്ഞാൽ പിന്നെയും അവൾ ഒറ്റപ്പെടും. നഗര ജീവിതം അവൾ ഇഷ്ടപ്പെട്ടിരുന്നില്ല.ഗ്രാമമായിരുന്നു എന്നും പ്രിയം. ഗ്രാമത്തിൽ തന്റെ മുത്തശ്ശിയുമായുള്ള തന്റെ കാലം അവൾ ഓർത്തു. മുത്തശ്ശിയുമായി രാവിലെ കുളത്തിൽ കുളിക്കാൻ പോയതും കുളി കഴിഞ്ഞു വിളഞ്ഞു നിൽക്കുന്ന പാടത്തിന്റെ വരമ്പിലൂടെ ഓടിക്കളിച്ചതും വാഴച്ചുണ്ടിന്റെ തേൻ നുകർന്നതും വെള്ളത്തിൽ കാലിട്ടടിക്കുമ്പോൾ കാലിൽ മീനുകൾ കൊത്തിയതും എല്ലാം. പക്ഷെ മുത്തശ്ശിയുടെ മരണ ശേഷം എല്ലാം പോയി. സനാഥയായ അവൾ അനാഥയായി. മഴയാണ് കൂട്ടിന് . സ്നേഹിക്കാനോ പിണങ്ങാനോ ആരും തന്നെ ഇല്ല. മുത്തശ്ശിയുമായുള്ള മധുര നിമിഷങ്ങളുടെ ഓർമ്മകൾ മാത്രം.

അവധിക്കാലം വന്നു. അവളുടെ മാതാപിതാക്കൾ വിദേശത്തുനിന്നും എത്തി. ഹോസ്റ്റൽ വാർഡൻ ഈ സന്തോഷവാർത്ത അവളെ അറിയിച്ചു. ഇനി മൂന്നു ദിവസത്തേക്ക് അവൾ അനാഥയല്ല. മാതാപിതാക്കളെ ഓടിച്ചെന്നു കെട്ടിപ്പിടിച്ച്. അവർ കൊണ്ടുവന്ന സമ്മാനപ്പൊതികൾ അവൾ സ്വീകരിച്ചു . അവളവരോട് ചോദിച്ചു "നമുക്കിനി ഗ്രാമത്തിലേക്ക് പോകാം ?" പക്ഷെ അവരുടെ മറുപടി അവളെ വേദനിപ്പിക്കുന്നതായിരുന്നു. ഗ്രാമത്തിലെ സ്ഥലം വിൽക്കാൻ ആളെ ഏർപ്പാർട്ത്തിയിരിക്കുന്നു. ഗായത്രിയുടെ ഹൃദയം നുറുങ്ങി. അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അവൾ അവരോട് കെഞ്ചി അപേക്ഷിച്ചു . പക്ഷെ അവർ കേട്ട ഭാവം നടിച്ചില്ല എങ്കിൽ ഒരു വട്ടം തന്നെ ഗ്രാമം ഒന്ന് കാണിച്ച്തരാമോ എന്ന് ചോദിച്ചു. അവളുടെ നിർബന്ധത്തിനു വഴങ്ങി അവർ ഗ്രാമത്തിലെത്തി. മുത്തശ്ശിയുമായി ചെലവഴിച്ച നിമിഷങ്ങൾ അവൾ ഓർത്തു. ഇനി ഒരു മടങ്ങിവരവില്ലാത്ത ആ ഗ്രാമത്തിൽ നിന്നും അവൾ നഗരത്തിന്റെ തിരക്കിലേക്ക് അലിഞ്ഞു ചേർന്നു .

ഫാത്തിമ നസ്റിൻ ഷിയാദ് .

കവിത

## മായാത്ത മുറിവ്




കണ്ണുനീർപൊഴിയും നേരമെൻ ചാരെ
വന്നൂ എൻ തിങ്കൾ കൊച്ചനുജൻ
കുഞ്ഞിളം കൈകളാൽ എന്നെ തലോടി
നിഷ്കളങ്കമാം നിൻ പുഞ്ചിരിയിൽ
വേർപിരിയുംനേരം നിൻ കാലൊച്ച കേൾക്കാൻ
കൊതിച്ച്ചീടുന്നു ഈ ചേച്ചിയമ്മ
നിൻ സാന്നിധ്യം ഓർക്കുന്ന നേരം
പള്ളിക്കൂട വീഥിയിൽ നിന്റെ കൂടെ
കൈകൾ കോർത്തു  നടന്നീടുന്നു നാം
ഈ ഓർമ്മകൾ മാത്രം തന്നിട്ട് നീ
ഏതോ രാവിൽ പോയ്മറഞ്ഞു എൻ കൊച്ചനുജൻ
വിശ്വമെൻ കൺകളിൽ കാണുമ്പോഴും
നിൻ മന്ദഹാസം എങ്ങോ മറഞ്ഞു പോയി
ഏകയായി നിൽപ്പൂ ഞാൻ ഈ ലോകത്തിൽ
ഒന്നിങ്ങു വരുമോ നീ എൻ സോദരാ

മേഘങ്ങൾക്കിടയിൽ നീ ഒളിഞ്ഞും
തെളിഞ്ഞും ഒന്നെന്നെ നോക്കീടുമോ
രാവിൻ നെറുകയിൽ ചിതറി കിടക്കുന്ന
താരങ്ങൾ ചിരിക്കുന്നു എന്നെ നോക്കി
നീയെന്നെ നോക്കിയില്ലല്ലോ
വാത്സല്യം തന്നൊരു ചേച്ചിയമ്മേ
നിനക്കായ് മാത്രം തേടുന്നു തേങ്ങലോടെ
എൻ ജീവനാം കൊച്ചനുജനെ

അശ്വതി രാജേഷ് 9 B

ഉപന്യാസം

## മനുഷ്യാ ജാഗ്രത...............



മനുഷ്യൻ എത്ര പുരോഗതിയുടെ കൈലാസം കയറിയാലും എല്ലാറ്റിനും മുകളിൽ ദൈവമെന്നൊരു ശക്തിയുണ്ട്. പ്രകൃതിക്കു വിരുദ്ധമായി പുഴ തടഞ്ഞു നിർത്തി ഡാമുകളും ബണ്ടുകളും പണിയുമ്പോഴും പാടം നികത്തി വലിയ കെട്ടിടങ്ങളും ഫ്ളാറ്റുകളും കെട്ടി പോകുമ്പോഴും നാം ചിന്തിച്ചില്ല ഇതുപോലൊരു പ്രകൃതി താണ്ഡവം കാണേണ്ടി വരുമെന്ന്. ഓർമ്മയുണ്ടോ , കേരളത്തിൽ മാത്രമല്ല അയൽ സംസ്ഥാനമായ തമിഴ്നാട്ടിലെ ചെന്നൈ മഹാ നഗരത്തിൽ വന്ന മഹാ പ്രളയവും സമാനമായിരുന്നു. നമ്മുടെ 39 ഡാമുകളിൽ 35 എണ്ണവും തുറന്നപ്പോൾ അതിനു തുല്യമായി ശക്തമായ മഴയുടെ സാന്നിധ്യവും ഉരുൾ പൊട്ടലും മണ്ണിടിച്ചിലിന്റെ പൊടിക്കൈകളും കൂടി ആയപ്പോൾ പ്രളയത്തിന് വേറെ കാരണം ഒന്നും വേണ്ടിയിരുന്നില്ല.

പാടങ്ങൾ നികത്തിയാണ് വിമാനത്താവളങ്ങളും മാളുകളും നാം കെട്ടി ഉയർത്തിയത്. എന്നാൽ ഇതൊന്നും പ്രകൃതിയുടെ ശക്തിക്കു മുന്നിൽ ഒന്നും അല്ലെന്നു തെളിയിച്ചിരിക്കുന്നു. താഴ്ന്ന വളക്കൂറുള്ള പ്രദേശങ്ങളിലാണ് നമ്മുടെ പൂർവികർ പാടങ്ങൾ നിർമ്മിച്ചിരുന്നത്.

അവ നികത്തി അതിനു മുകളിൽ കെട്ടിടം പണിതാൽ നനഞ്ഞ ആ ഭൂമി വീണ്ടും താഴും. അപ്പോൾ വെള്ളം ധാരാളമായി താഴ്ന്ന പ്രദേശത്ത് ആദ്യം നിറയുന്നു. ആ കെട്ടിടം വെള്ളം കൊണ്ട് നിറയുന്നു. നദിയെ തടഞ്ഞു നിർത്തി ഡാമുകൾ പണിയുമ്പോൾ വെള്ളത്തിന്റെ ഒഴുക്ക് കുറയുന്നു. അങ്ങനെ വെള്ളമൊഴുകുന്ന ഭാഗം മാത്രം താഴുകയും ബാക്കി ഭാഗം ഉയരുകയും സമതലമാവൂകയും ചെയ്യുന്നു. ആ സമതലങ്ങളിൽ വീടുകളും മറ്റും പണിതുയർത്തുമ്പോൾ പെട്ടെന്ന് ഒരു ദിനം ഇതുപോലെ ശക്തിയായി വെള്ളം പുറത്ത് വിടപ്പെടുമ്പോൾ സ്ഥലം തികയാതെ നദി കരകവിഞ്ഞു വീടുകളും കെട്ടിടങ്ങളും മുങ്ങുന്നു. വീടുകൾ പൂർണ്ണമായോ ഭാഗീകമായോ തകരുന്നു.

അശാസ്ത്രീയമായ കെട്ടിട നിർമ്മാണങ്ങളും ഒരു കാരണമാകാം നമ്മുടെ ഈ ദൈവത്തിന്റെ സ്വന്തം നാടിനു ഇത്രയേറെ ദുരിതം അനുഭവിക്കേണ്ടി വന്നതും. ഇത്രയേറെ ദുരിതത്തിനും പ്രളയത്തിനും കാരണമായത് പ്രകൃതി ക്ഷോഭം മാത്രമല്ല നമ്മുടെ അഹങ്കാരവും കൂടിയാണ്. എന്നാലും ഈ ദുരിതങ്ങളെ നമുക്ക് ചെറുക്കാനായത് നമ്മൾ ഒറ്റക്കെട്ടായി ജാതിമത ഭേദമന്യേ പ്രവർത്തിച്ചത് കൊണ്ടാണ്. നമ്മുടെ നാവിക സേനയും മറ്റു സേനകളും ഫയർ ഫോഴ്സും അതിനൊപ്പം നമ്മുടെ അഭിമാനമായി മാറിയ മത്സ്യത്തൊഴിലാളികളും പ്രവർത്തിച്ചത് മൂലമാണ്.നാം അവർക്കു വലിയ ആദരവ് തന്നെ നൽകണം.

നാം ഒത്തോരുമിക്കുമ്പോൾ ഇതുപോലൊരു വലിയ ദുരന്തത്തെ നേരിടാനായേക്കാം. എന്നാൽ വരാനിരിക്കുന്ന മഹാ ദുരന്തം വളരെ വലുതാണ്. ധാരാളം ജലപ്രവാഹത്താലാണ് ഈ കഴിഞ്ഞ പ്രളയം ഉണ്ടായതെങ്കിൽ അടുത്ത ദുരന്തം തുള്ളിപോലും വെള്ളം കിട്ടാതിരിക്കുന്നതു കൊണ്ടാകാം. ഇപ്പോൾ തന്നെ വർധിച്ചു വരുന്ന ചൂടും വറ്റി വരളുന്ന ജലാശയങ്ങളും അതിനു സൂചനയാണ്. കിണറുകളിലെ ജല നിരപ്പ് ക്രമാതീതമായി കുറഞ്ഞു കൊണ്ടിരിക്കുന്നു. ഇനി നാം ജലം പാഴാക്കാതിരിക്കുക. പ്രധാനമായും പ്ലാസ്റ്റിക് ഉപയോഗം കുറക്കുക. ഇത് കേരളത്തിനും ഭാരതത്തിനും മാത്രമല്ല ലോകമെമ്പാടുമുള്ള മാനവ രാശിക്കുള്ള ഒരു ഗുണപാഠം

തന്നെയാണ്.

യുദ്ധങ്ങളും മറ്റു ഏറ്റുമുട്ടലുകളും നശിപ്പിക്കുന്നത് മനുഷ്യരെ മാത്രമല്ല മറ്റു ജീവ ജാലങ്ങളെ കൂടിയാണ്. ഫാക്ടറികളിൽ നിന്നും പുറപ്പെടുവിക്കുന്ന പുകയും ക്ളോറോ ഫ്ളൂറോ കാർബൺ പോലെയുള്ള മാരക വാതകങ്ങളും ഭൂമിയുടെ സർവ്വ നാശത്തിനു തന്നെ കാരണമാകുന്നു. മനുഷ്യാ ജാഗ്രത. ഇത്രയും കാലം അഹങ്കരിച്ചതിനുള്ള ഒരു തിരിച്ചടിയായിരുന്നു ഇക്കഴിഞ്ഞ പ്രളയം. പ്രകൃതി മനുഷ്യന് ശക്തമായ താക്കീതു നൽകുന്നു..........ജാഗ്രത ....

അശ്വിൻ വിനോദ് 10 A

കവിത

# കണ്മണി

മഴവില്ലായി മാറും കണ്മണി
ഈറൻകാറ്റു നിന്നെ തലോടി
സ്വപ്നപ്പൂക്കളുമായി നീ വന്നുവോ
നക്ഷത്രങ്ങൾ പൂത്തു നിൽക്കുന്ന
രാവിൽ നീലത്താമരയായി നീ
വിരിഞ്ഞു നിന്നു
മഴമുത്തുകൾ മണ്ണിൽ വീണു
പൊട്ടുംനേരം നിൻ ചുണ്ടിൽ
പുഞ്ചിരി വിരിഞ്ഞു നിന്നു
കിളിമറച്ചുവട്ടിൽ വച്ച്
നിൻകൈകൾ മൈലാഞ്ചി
കൊണ്ട് ചോപ്പിച്ചുവോ കണ്മണി

ഹരിനന്ദന എം ആർ 9 E

കവിത

## വിഷംതീനികൾ നമ്മൾ

ഇന്ന് നാം ഉണ്ണുന്നതെല്ലാം
നഞ്ചെന്നറിയുക നാം
ഇന്ന് കാണുന്ന രോഗങ്ങളെല്ലാം
ഈ വിഷം തിന്ന് ഉള്ളതല്ലേ
ഇതൊന്നു മാറുന്നതിനു എന്ത് നാം
ചെയ്യേണ്ടതെന്ന്  ചൊല്ലാം
നമ്മുടെ മണ്ണിൽ നമുക്കാവുന്നതെല്ലാം
നമുക്കൊരുമിച്ച് വിളയിച്ചെടുത്തിട്ടാവും
ഇന്ന് നാം മറന്നു പോയൊരാ
സംസ്കാരം വീണ്ടും ഒരുക്കീടാം
വിഷം ഇടാതെ വിഷം തളിക്കാതെ
വിഷമില്ലാത്ത ഫലങ്ങൾ വിളയിച്ചീടാം
ഒരു നല്ല പുതു തലമുറക്കായ്
ഈ മണ്ണിൽ പണി എടുക്കാൻ
ചെറുവിത്തുകൾ പാകീടാൻ
നട്ടു നനച്ചു  വളർത്തീടാൻ
ആ ആനന്ദം നുകർന്നീടാൻ
മാറ്റി വക്കാം നമ്മുടെ കുറച്ചു സമയം

എം എസ് പാർവതി 9 E

കവിത

## എന്റെ തോട്ടം

തീ പിടിച്ച പോലുള്ള വെയിലിൽ
വേർപ്പൊഴുക്കി ഞാൻ വിത്ത് വിതച്ചാൽ
വാനത്തിന്റെ വലിയ വയലിൽ
വാർമുകിലത് കാണുവാൻ എത്തും
വേനൽ ചൂടിനാന്നെന്റെ പറമ്പിൽ
നൂണ്ടു കേറാൻ കഴിഞ്ഞില്ല തെല്ലും
വാഴകളുടെ സമ്മതം വേണം
വായുവിനും വളപ്പിൽ കടക്കാൻ
പത്തുകൊട്ട വളത്തിന്നതിന്റെ
പത്തിരട്ടി ഫലങ്ങളുമായി
മത്ത കുമ്പളമെന്നിവയെല്ലാം
ഒത്തതായ് എന്റെ കായ്കറിത്തോട്ടം
മൺകുടവുമായ് തോട്ടത്തിലെത്താൻ
എൻ കുടുംബിനി ചെറ്റു വൈകിയാൽ
പൊൻകുറിയിട്ട വെള്ളരിവള്ളി
സങ്കടത്താൽ തല താഴ്ത്തി നിൽക്കും

നന്ദന ഗിരീഷ് 9 E

കവിത

# മലയാള മണ്ണിന്റെ നന്മ

മലയാള മണ്ണേ എൻ മലയാള മണ്ണേ
സ്നേഹ സൗന്ദര്യമൂറും എൻ മലയാള മണ്ണേ
വ്യക്തമായീ നിൻ സ്നേഹമെനിക്ക്
ഈ ദിനങ്ങളിൽ
ശക്തമായ മഴയിലൂടെയും
വെള്ളപ്പൊക്കത്തിലൂടെയും
നമ്മുടെ സാഹോദര്യം മനസ്സിലാക്കാൻ
നല്കീ ദൈവമൊരവസരം
രക്ഷിക്കാനായി വന്നൂ നൂറു നൂറു കരങ്ങൾ
ജാതിമത വേര്തിരിവുകളില്ലാതെ
നിന്നൂ നാടിനെ കാക്കാനായേ
ഒരു കൂട്ടം ജനങ്ങൾ ഒരുമിച്ച്
വിട്ടില്ല അവർ മുറുക്കി പിടിച്ച കരങ്ങൾ
ഒരിക്കലും വിട്ടില്ല അവർ
എല്ലായിടത്തും വെള്ളം
എല്ലായിടത്തും വെള്ളം
പുതിയൊരു കേരളം രൂപപ്പെടുത്തതാണ്
നിങ്ങൾ തന്നെ വേണമെൻ സോദരരെ
സ്നേഹമുള്ള നിങ്ങൾ തന്നെ വേണം
അഭിമാനമേറും മലയാള മണ്ണിന്റെ
കരുത്തുറ്റ കരങ്ങൾ തന്നെ വേണം

അന്ന റോസ് സഞ്ജു

കവിത

# ത്രിസന്ധ്യാ പുഷ്പം



സൂര്യനെ മറച്ചു ഇരുട്ട് മൂടി
അതുകണ്ട ചന്ദ്രൻ ഓടിയെത്തി
ത്രിസന്ധ്യാ പുഷ്പം മിഴി തുറന്നു
ചന്ദ്രനെ കണ്ട സന്ധ്യാപുഷ്പം
തലയൊന്നാട്ടി പുഞ്ചിരിച്ചു
ചന്ദ്രനെ മറച്ചു കാർമേഘമെത്തി
മഴത്തുള്ളികൾ പൊട്ടിവീണു
കൊടുങ്കാറ്റ് വീശി ഇടിയുമെത്തി
ത്രിസന്ധ്യാപുഷ്പം തളർന്നു വീണു

ഗൗരി

# വജ്രനിർമ്മിതമായ ഒരു ഗ്രാമം

4000 പ്രകാശവർഷമകലെ സർപ്പൻസ് ഗണത്തിൽ കെണ്ടെത്തിയ ഒരു ഗ്രഹം മുഴുവൻ വജ്രമാണെന്ന് സംശയിക്കുന്നതായി ഓസ്ട്രേലിയയിലെ സ്വിൻ ബേൺ സർവകലാശാലയിലെ ഗവേഷകർ വിശ്വസിക്കുന്നു. ഓസിട്രേലിയയിലെ പാർക്കെലിസ്കോപ്പ് , ഇംഗ്ലണ്ടിലെ ജോഡ്രൽബാങ്ക് റേയോ ടെലിസ്കോപ്പ് ഉപയോഗിച്ചാണ് ഇതിനെ കണ്ടെത്തിയത്. ഒരു പൾസാർ നക്ഷത്രത്തിന് ചുറ്റും പരിക്രമണം ചെയ്യുന്ന ഒരു ഗ്രഹസമാനമായ ഗോളമാണ് കണ്ടെത്തിയത്. 20 കി.മീ മാത്രം വ്യാസമുള്ള പൾസാർ psrj1919-1938 എന്ന നമ്പറിൽ അറിയപ്പെടുന്നു. ഇതിന് ചുറ്റുമായാണ് അത്ഭുതഗ്രഹത്തെ കണ്ടെത്തിയത്. അതിവേഗം സ്വയംഭ്രമണം ചെയ്യുന്ന പൾസാറിൽ നിന്ന് വരുന്ന റേഡിയോ തരംഗങ്ങളെ നിരീക്ഷിച്ച് നേരിയ വ്യത്യാസമം അളന്ന് ആണ് മറ്റൊരു ഗോളം ആകർഷിക്കുന്നുവെന്ന് കണ്ടെത്തിയത്. പൾസാറിനെ പരിക്രമണം ചെയ്യുന്ന വ്യാഴസമാനമായ ഗ്രഹം 2 മണിക്കൂർ 10 മിനുട്ടിലാണ് പരിക്രമണം ചെയ്യുന്ന്.ഗ്രഹം മുഴുവനും സാന്ദ്രതകൂടിയ കാർബൺ ആയതിനാൽ ഗ്രഹത്തിന്റെ ഭൂരിഭാഗവും വജ്രമാവാനാണ് സാധ്യത.

ആയിഷ മർസൂക്ക് 9D

# ഹലോ....ഞാൻ സൂര്യൻ

നിങ്ങൾ ഇങ്ങോട്ട് പോരുന്നോ?ഞാൻ നിങ്ങൾ വരാൻ കാത്തിരിക്കുകയാണ്.വരുകയാണെങ്കിൽ വേഗം വരണം കേട്ടോ........നിങ്ങൾ മണിക്കൂറിൽ നൂറ് കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്ന വാഹനത്തിൽ പുറപ്പെട്ടാൽ വെറും വർഷംകൊണ്ട് എത്താം.നിങ്ങൾക്ക് വേണ്ടി ഞാൻ എന്തൊക്കെ ഇവിടെ ഒരുക്കണം .വരുവാണെങ്കിൽ വിളിക്കണം

നംബർ-12345678910

ഞാൻ കാത്തിരിക്കാം

പ്രായം-4,600,000,000

സൂര്യപ്രകാശം ഭൂമിയിലെത്താൻ എടുക്കുന്ന സമയം-8.20 മിനുട്ട്

ഭ്രമണകാലം-ഒരു മാസം

വ്യാസം-ഏകദേശം 1,392,000 km

നന്ദന എം എസ് 9 D

# ചോദ്യോത്തരങ്ങൾ

- ഏറ്റവും വലിയ സസ്തിനി - നീലത്തിമിംഗലം
- ഏറ്റവും ചെറിയ സസ്തിനി - നച്ചെലി
- ജന്തുലോകത്തിലെ ഏറ്റവും വലിയ ഫൈലം - ആർത്രോപോഡിയ
- വേര്, കാണ്ഡം, ഇല ഇവയില്ലാത്ത സസ്യങ്ങൾ - ആൽഗേകൾ
- ആധുനിക ജനിതികശാസ്ത്തത്തിന്റെ പിതാവ് - ഗ്രിഗർ മെൻഡൽ
- പരിണാമ വാദത്തിന്റെ പ്രാണേലതാവ് - ചാൾസ് ഡാർവിൻ
- രക്തത്തിലെ ദ്രവ്യഭാഗം - പ്ലാസ്മ
- രക്തചംക്രമണം കണ്ടുപിടിച്ചത് ആര് - വില്യം ഹാർവി
- ജലജാവിയായ ഒരു ഉരഗം - കടൽ പാമ്പ്
- ഹരിതകം ഉള്ള ഒരു ജന്തു - യൂഗ്ലീനി
- ജീവനുള്ള ഏറ്റവും ചെറിയ വസ്തു - വൈറസ്
- ചുവന്നരക്താണക്കളുടെ നാശം കൊണ്ടുവന്ന രോഗം - താലസീമിയ

ആയിഷ മർസൂക്ക് 9D

ഓർമ്മ കുറിപ്പ്

# **ഓർമ്മച്ചെപ്പ്**

അമ്മ -

എനിക്കേറ്റവും പ്രിയപ്പെട്ടതായിരുന്നോ? എന്ന് ചോദിച്ചാൽ അന്നുമിന്നും അച്ഛനോടായിരുന്നു എനിക്കടുപ്പം കൂടുതൽ. എന്നിട്ടും അമ്മ നൽകിയ ശൂന്യത – മനസ്സിനെ വല്ലാതെ പൊള്ളിക്കുന്നു. പ്രായം എനിക്ക് കൂടും തോറും അമ്മയുടെ സാന്നിധ്യം മനസ്സ് വല്ലാതെ കൊതിക്കുന്നോ എന്നൊരു തോന്നൽ. വീട്ടിലെത്തിയാൽ അടുക്കളയും വാതിൽപ്പടികളും അമ്മയുടെ ഓർമ്മകൾ വീണ്ടുമെന്നിൽ നിറക്കുന്നു. അമ്മ ഭക്ഷണം കഴിക്കുന്ന രീതി,ഇരിപ്പിടം,അപ്പോഴൊക്കെ എനിക്ക് പകർന്നു നൽകിയ ജീവിതാനുഭവങ്ങൾ - എല്ലാം ഇന്നലെ കഴിഞ്ഞ പോലെ അനുഭവവേദ്യമാകുന്നു. അമ്മ നൽകിയ ശൂന്യതയ്ക്ക് 30 വയസ്സ്. ഒപ്പമുണ്ടായിരുന്ന 15 വർഷത്തേക്കാൾ ഇരട്ടി ആയുസ്സ് ജീവിച്ചുതീർത്തു അമ്മയുടെ അദൃശ്യ സാന്നിധ്യത്തിൽ. അമ്മയുടെ ആഗ്രഹത്തിനൊത്തു വളർന്നപ്പൊഴും നികത്താനാകാത്ത ശൂന്യതയായി നിൽക്കുന്ന അമ്മയുടെ ഇരിപ്പിടം.

എൻ ജയശ്രീ
നാച്ചുറൽ സയൻസ് വിഭാഗം ടീച്ചർ

ഓർമ്മ കുറിപ്പ്

## ഓർമ്മകൾക്കെന്തു സുഗന്ധം .................



സ്കൂൾ ബസ്സിന്റെ അകമ്പടിയില്ലാതെ കൂട്ടുകാരുമൊത്ത് സ്കൂളിലേക്ക് നടന്നു പോകുമ്പോൾ വഴിയരികിൽ കാണുന്ന ചെമ്പക മരത്തിൽ നിന്ന് പൂവിറുത്ത് തലയിൽ കൂടാനും ചാമ്പങ്ങാ പറിച്ചെടുത്ത് ഉപ്പും കൂട്ടി തിന്നാനും വലിയ ഉത്സാഹമായിരുന്നു. സ്കൂൾ ഗേറ്റിനു മുന്നിലെത്തുമ്പോൾ നെല്ലിക്കയും അല്ലി നാരങ്ങയും നിരത്തി വച്ച് വിൽക്കാനിരിക്കുന്ന അപ്പൂപ്പൻ. പല്ലുകളൊക്കെ കൊഴിഞ്ഞു പോയെങ്കിലും ആ ചിരിയിലലിഞ്ഞു മിക്ക കുട്ടികളും അല്ലി നാരങ്ങായുടെയും നെല്ലിക്കയുടെയും പുളിപ്പും ചവർപ്പും മധുരവും നാവിലേക്കാവാഹിച്ചു . എന്ത് രുചിയായിരുന്നു അതിനെല്ലാം.

സമര കാഹളം മുഴക്കിയെത്തുന്ന കൂട്ടുകാർ സ്കൂളിൽ കൂട്ടമണിയടിക്കുമ്പോൾ കുറച്ച് നിരാശയിലും അതിലേറെ സന്തോഷത്തിലും വീട്ടിലേക്കോടും. അപ്പോൾ അറിവിന്റെ ആദ്യ പാഠങ്ങൾ പാട്ടിലൂടെയും കഥകളിലൂടെയും പറഞ്ഞു തന്ന സൗദാമിനി ടീച്ചറും ചൂട് ഉപ്പുമാവ് വട്ടയിലയിലേക്കു പകർന്നു തരുന്ന ഉമ ചേച്ചിയും

മനസ്സിൽ കയറി പാട്ടും. അങ്കണവാടിയിൽ പോയി കൂട്ടുകാരോടൊപ്പം ചൂടുപ്പുമാവ് കഴിച്ച ഓർമ്മ മനസ്സിലും നാവിൻ തുമ്പിലും ഇന്നും ഉണ്ട്.

വീടിനു മുന്നിൽ പ്രൗഢ ഗംഭീരയായി തല ഉയർത്തി നിൽക്കുന്ന പുളി മുത്തശ്ശി. ഞങ്ങളുടെ ബാല്യകാലമത്രയും ഒരു നാരങ്ങാ മിഠായി പോലെ മാധുര്യമുള്ളതാക്കി തീർത്ത മുത്തശ്ശി. ഊഞ്ഞാലാടിയും മണ്ണപ്പം ചുട്ടും അച്ഛനുമമ്മയും കാലിച്ചതുമെല്ലാം ഈ മുത്തശ്ശിയുടെ തണലിൽ തന്നെ ആയിരുന്നു. പുളി വീഴുന്ന കാലമായാൽ ഞങ്ങൾ സഹോദരങ്ങൾ അഞ്ചു പേരും പുളി മുത്തശ്ശിയുടെ ചോട്ടിൽ തന്നെ. മീനം, മേടം മാസമാകുമ്പോൾ വീടിന്റെ വടക്കേ വശത്ത് നിൽക്കുന്ന മാവിലെ മധുരമുള്ള മാമ്പഴം ചറപറ വീഴാൻ തുടങ്ങും. അതെടുക്കാനായി എത്ര പേരാണ് മത്സരിച്ചിരുന്നത് . ഏനാദി എന്ന എന്റെ കൊച്ചു ഗ്രാമത്തിൽ ഇത്ര അധികം കുട്ടികൾ ഉണ്ടായിരുന്നോ എന്ന് തോന്നി പോകുന്നത് അപ്പോഴാണ്. ഇത്ര മധുരമുള്ള മാമ്പഴക്കാലവും ഒരിക്കലും തിരിച്ചു കിട്ടാത്ത ബാല്യ കാലവും എന്റെ ഓർമ്മകളിൽ ഇന്നും മധുരസ്മരണകളായി മായാതെ കിടക്കുന്നു.

ഇന്റർനെറ്റിന്റെ അതിപ്രസരത്തിൽ വാട്സാപ്പും ഫേസ്ബുക്കും കൊടികുത്തി വാഴുന്ന ഈ ന്യൂ ജെൻ കാലത്ത് ബ്ലൂ വെയിൽ പോലെയുള്ള കളികളല്ലേ ഇന്നത്തെ കുട്ടികൾക്കറിയൂ. നാടും നാട്ടിൻപുറത്തിന്റെ സൗന്ദര്യവും അറിയുവാൻ ഇന്നത്തെ തലമുറയ്ക്ക് എവിടെയാണ് സമയം ?

സുനിത രാജീവ്,
മലയാള വിഭാഗം ടീച്ചർ

# ഇംഗ്ലീഷ്

POEM

# NATURE



All creates in our world
How wonderful and great
all creates in our world
How wonderful and great
bumbling streams and blue sea
pleasant smell of tiny flowers
all makes our world beautiful
dancing trees in coldish winds
laughing plants in rainy days
all makes our world wonderful
nice song of lazy cuckoo
colour of butterflies
all makes our world great
how beautiful is our nature
how wonderful is our nature
how great is our nature
the god makes them all

- Nivedhitha Saju

Poem

# RAIN



I was falling down
I found dragon flies on the bush
They were going up and down
"swush-hush-swush"
At last i fell in a pond
Now I'm among them
And now with them I'm an a pond
And I'm friend of them

- Ancy Santhosh 9 E

Story

# THE FAIRY PRINCESS

Far far away there was a fairy land. All the fairies had beautiful green wings. Small fairies had small green wings, while bigger fairies have bigger green wings. One day the Queen fairy gave birth to a fairy princess. The princess was named Jhiljhil. All the fairies danced and sang for her.

Baby Jhiljhil did not have any wings. But when she was one year old, small wings began to grow. But the colour of the wings was yellow. Jhiljhil looked at her wings, and began to cry. She did not liked her yellow wings. She wanted green ones.

Queen fairy was so sad and made an announcement. "Anyone who changes the colour of Jniljnil's wings will get a big price". All the fairies tried. But no one could make Jhiljhil's yellow wings green. One day a poor painter was passing by. He heard the Queen fairy's words and stopped.

He quickly went to her and said, " I can make the yellow wings green". Queen fairy looked at the poor painter, "What can he do?" she thought. But she agreed. The painter took out a blue paint from his box and. He dipped his brush in it and gently brushed Jhiljhil's wings. In just a short while, the paint dried up and the wings turned green. Queen fairy said, "You are a wonderful man!!". "Yellow and blue makes green". Painter laughed and said, " I don't want riches for myself. I want my village to be even prosperous. No one should be hungry there". The queen agreed. Everyone in the painter's village got enough to eat and they were all happy too

- Anagha Rajan

Poem

# LAST NIGHT

Last night in the forest,
A strange noise did I hear,
A mighty, grey elephant
Trumpeted loud and clear
Last night by the river,
A strange sight did I saw,
A green, scaly crocodile,
kept staring at me

- Harinanda M.R

Poem

# My Mother



\You are very kind
And have an intelligent mind
you did everything for me
And we don't have to pay the fee
you are like a flower
giving fragrance in my life
and to me it is also nice
you love all of us
so we don't make a fuss
if it shines on you the light
the way you tell us things
we will all get wings
you are the best in the world

Aswathy

# ഹിന്ദി

# मैं मेघ बन जाऊं

कितनी ही अच्छा हो
यदि  मेघ बन जाऊं
नीले नीले आसमान में
इधर उधर मँडराऊं
जब भी देखूं सूखी धरती
जल्दी बरस मैं जाऊं
गर्मी से पीड़ित लोगों को
ठंडक मेम पहुंचाऊं
खुशी-खुशी से छन-छन करके
बरस -बरस मैं जाऊं
इसलिए तो कहता हूँ
मैं मेघ बन जाऊं।

**सूरज**

गरम-गरम लड्डू सा सूरज
लिपटा बैठा लाली में
सुबह-सुबह रख आया कौन
इसे आसमान की थाली में

आंखें खोली कलियों ने
चिड़ियों ने गाना गाया
गुन-गुन करते भवरों ने
पिया खिलते फूलों से मधु

उठो उठो सब काम पर
तब आगे बढ़ पाएंगे
वे क्या पाएंगे जीवन में
जो सोते रह जायेंगे

# നന്ദി